# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 341

02-12-2014ൽ മറുപടിക്ക്

### വൈദ്യുതി ചാർജ്ജ്

ചോദ്യം

ശ്രീ. വി.എസ്.സുനിൽ കുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ.വി. ശശി
ശ്രീ.ചിറ്റയം ഗോപകുമാർ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്.
(ഊർജ്ജ വകുപ്പ് മന്ത്രി.)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര തവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്; അവസാനമായി വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചതെന്നാണെന്ന് വ്യക്തമാക്കുമോ; | (എ) '3' പ്രാവശ്യം അതായത് 2012 ജൂലൈ ഒന്നാം തീയതി മുതലും 2013 മെയ് ഒന്നാം തീയതി മുതലും 2014 ആഗസ്റ്റ് 16 - ാം തീയതി മുതലും താരിഫ് വർദ്ധിപ്പിച്ച് കൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. അവസാനമായി സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ താരിഫ് വർദ്ധിപ്പിച്ചത് 2014 ആഗസ്റ്റ് 16 തീയതി മുതലാണ്. |
| (ബി) ഗാർഹിക ഉപഭോക്താക്കൾക്കും, കാർഷിക വാണിജ്യ മേഖലകളിലും ഈ സർക്കാർ അധികാരത്തിൽ വരുന്നതിനു മുമ്പ് ഉണ്ടായിരുന്ന വൈദ്യുതി നിരക്കും ഇപ്പോഴത്തെ നിരക്കും തമ്മിൽ താരതമ്യം ചെയ്യുമോ; | (ബി) വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു. |
| (സി) പ്രസ്തുത കാലയളവിൽ ഇത്തരം നിരക്ക് വർദ്ധനവിലൂടെ എന്ത് തുകയുടെ അധിക | (സി) 2012 ജൂലൈ ഒന്നാം തീയതി മുതൽ |

| | |
|---|---|
| വരുമാനമുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | നടപ്പിലാക്കപ്പെട്ട താരിഫ് വർദ്ധനവിലൂടെ പ്രതിമാസം 130 കോടി രൂപയുടെ അധിക വരുമാനവും 2013 മെയ് ഒന്നാം തീയതി മുതൽ നടപ്പിലാക്കപ്പെട്ട താരിഫ് വർദ്ധനവിലൂടെ പ്രതിമാസം 55 കോടിയുടെ അധികാരവരുമാനവും 2014 ആഗസ്റ്റ് 16 - ാം തീയതി മുതൽ നടപ്പിലാക്കപ്പെട്ട താരിഫ് വർദ്ധനവിലൂടെ ഏകദേശം 80 കോടി രൂപയുടെ അധിക വരുമാനവും ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്